കേരള സർക്കാർ

SCERT Kerala
Department of General Education
Govt. of Kerala




# USER MANUAL

# ആമുഖം

സംസ്കൃതഭാഷാപഠനത്തിൽ ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (എസ്.സി.ഇ.ആർ.ടി, കേരളം) മധുവാണി എന്ന പേരിൽ ഒരു ഇന്ററാക്ടീവ് ഡി.വി.ഡി വികസിപ്പിച്ചെടുത്തത്. സി.ഡിറ്റിന്റെ സാങ്കേതികസഹായത്തോടെയും കേരളത്തിലെ ഒരു കൂട്ടം സംസ്കൃതാധ്യാപകരുടെ കൂട്ടായ്മയിലൂടെയുമാണ് എസ്.സി.ഇ.ആർ.ടി ഇത് സാക്ഷാത്കരിച്ചത്. സംസ്കൃതപഠനം സരളവും സരസവുമാക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം.

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഹൈടെക് പഠനരീതിക്ക് തികച്ചും അനുയോജ്യമാണ് ഈ പദ്ധതി. സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സംസ്കൃതം പഠിക്കാനാഗ്രഹിക്കുന്ന മറ്റുള്ളവർക്കും ഇത് അത്യന്തം ഉപകാരപ്രദമാകും. പഠിതാക്കളിൽ ആകാംക്ഷയുണർത്താനുതകുന്ന ആനിമേഷൻ, വീഡിയോ, നരേഷൻ, കുട്ടികളുടെ ഭാഷാശേഷി വർധിപ്പിക്കാനായുള്ള ഇന്ററാക്ടീവ് ആക്ടിവിറ്റികൾ എന്നിവയാണ് ഈ ഡി.വി.ഡി. യുടെ ഉള്ളടക്കം.

കമ്പ്യൂട്ടറിൽ ഡി.വി.ഡി. ഇൻസ്റ്റാൾ ചെയ്ത ശേഷം സ്ക്രീനിൽ തെളിയുന്ന ഐക്കണുകളിൽ ക്ലിക്ക് ചെയ്ത് ഉള്ളടക്കങ്ങളിൽ എത്തിച്ചേരാം. ക്ലാസ്മുറികളിൽ പഠനത്തെ കൂടുതൽ സാർത്ഥകമാക്കാൻ കഴിയുംവിധം ഈ ഡി.വി.ഡി. പ്രയോജനപ്പെടുത്താൻ അധ്യാപകർ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി, കേരളം

# നന്ദി

**ഡോ. ജെ. പ്രസാദ്**, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, കേരളം


| | |
|---|---|
| *ആശയം* | : **ഡോ: ടി. കേരള ശ്രീമതി**<br>(റിസർച്ച് ഓഫീസർ (റിട്ട.) സംസ്കൃതം, എസ്.സി.ഇ.ആർ.ടി, കേരളം) |
| *ഉള്ളടക്കം തയാറാക്കിയത്* | : **ഒരുകൂട്ടം സംസ്കൃതാധ്യാപകർ** |
| *വിദഗ്ധസഹായം* | : **പ്രൊഫ. ആർ. വാസുദേവൻ പോറ്റി**<br>(സംസ്കൃത പണ്ഡിതൻ)<br>**പ്രൊഫ. വി. മാധവൻ പിള്ള**<br>(സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗം.)<br>**എൻ.കെ. രാമചന്ദ്രൻ**<br>(റിട്ട. ഡി.ഇ.ഒ വയനാട്.) |
| *സാങ്കേതികസഹായം* | : **സി.ഡിറ്റ്, കേരളം.**<br>(സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി.) |
| *അക്കാദമിക് കോഡിനേറ്റർ* | : **വി. ശ്രീകണ്ഠൻ**<br>(റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം) |
| *പകർപ്പവകാശം* | : **സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി**<br>(എസ്.സി.ഇ.ആർ.ടി.) കേരളം |

# പൊതുനിർദേശങ്ങൾ




ഡി.വി.ഡി. കമ്പ്യൂട്ടറിന്റെ ഡ്രൈവിൽ ഇട്ടതിനുശേഷം MY COMPUTER ൽ ക്ലിക്ക് ചെയ്ത് ഡി.വി.ഡി. ഡ്രൈവ് തുറക്കുക. അപ്പോൾ 'HELP' എന്ന് പേരുള്ള ഒരു PDF ഫയൽ കാണാം.ഇത് തുറന്നാൽ ഇൻസ്റ്റാൾ ചെയ്യുന്ന വിധം വിശദമായി നൽകിയിരിക്കുന്നത് കാണാം. കമ്പ്യൂട്ടറിന്റെ 'C' DRIVE ൽ 1 GB സ്പേസ് എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഇൻസ്റ്റാളിങ് സുഗമമായി നടക്കുകയുള്ളൂ. ഇൻസ്റ്റാൾ ചെയ്തശേഷം ഡെസ്ക്ടോപ്പിൽ കാണുന്ന മധുവാണി എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് പ്രോഗ്രാമിന്റെ ഉള്ളടക്കത്തിലേക്ക് പോകാം.

എസ്.സി.ഇ.ആർ.ടി. യുടെ സിഗ്നേച്ചർ ഫിലിം ആണ് ആദ്യം കാണുക. ഇരുപത് സെക്കന്റ് കൊണ്ട് ഫിലിം അവസാനിക്കും. അതിനുശേഷം പൊതുവിദ്യാഭ്യാസമന്ത്രിയുടെയും എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെയും സന്ദേശങ്ങൾ കാണാൻ സാധിക്കും. സ്ക്രീനിന് താഴെ വലതുഭാഗത്തുള്ള ആരോമാർക്കിൽ ക്ലിക്ക് ചെയ്താൽ ഹോംപേജിൽ എത്താൻ സാധിക്കും.

# പൊതുനിർദേശങ്ങൾ




ഹോം പേജിൽ അക്ഷരമാല, വിഭക്തയ:, ക്രീഡാ:, സുഭാഷിതാനി, പ്രശ്നോത്തരീ, അനുബന്ധാ: എന്നിങ്ങനെ ആറ് ഐക്കണുകൾ കാണാം.

ഓരോ ഐക്കണിലും ക്ലിക്ക് ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട മേഖലകളിലേക്ക് പോകാൻ കഴിയുന്നതാണ്.



# പൊതുനിർദേശങ്ങൾ



എല്ലാ പേജുകളുടെയും മുകൾഭാഗത്ത് മൗസ്പോയിന്റർ കൊണ്ട് വരുമ്പോൾ MINIMIZE ,CLOSE ബട്ടണുകൾ പ്രത്യക്ഷപ്പെടുന്നതാണ്.

പേജിനുതാഴെയായി വലതുഭാഗത്ത് കാണുന്ന HOME ഐക്കണിൽ ക്ലിക്ക് ചെയ്താൽ ഏത് പേജിൽനിന്നും ഹോംപേജിൽ എത്താൻ സാധിക്കുന്നതാണ്.
HOME ഐക്കണിന് ഒപ്പമുള്ള മുന്നോട്ടുള്ള ARROW MARK ൽ ക്ലിക്ക് ചെയ്താൽ തൊട്ടുമുന്നിലേക്കുള്ള പേജിലേക്കും പുറകോട്ടുള്ള ARROW MARK ൽ ക്ലിക്ക് ചെയ്താൽ തൊട്ടുപുറകിലെ പേജിലേക്കും എത്താൻ സാധിക്കുന്നതാണ്.
ചില ആക്ടിവിറ്റികളിൽ ഹോം ഐക്കണിന് ഒപ്പം കാണുന്ന QUESTION MARK ൽ ക്ലിക്ക് ചെയ്താൽ സഹായം ലഭിക്കുന്നതാണ്.

# പൊതുനിർദേശങ്ങൾ




ഓരോ യൂണിറ്റിലും പഠനം രസകരമാക്കാൻ വേണ്ടി അനിമേഷൻ കഥാപാത്രങ്ങളും ഇമ്പമുള്ള മ്യൂസിക്കും ഉപയോഗിച്ചിട്ടുണ്ട്. അനിമേഷൻ രംഗങ്ങൾ ഒഴിവാക്കി ആക്ടിവിറ്റികളിലേക്ക് നേരിട്ട് കടക്കാൻ പേജിലെ NEXT ബട്ടൺ (ARROW) ഉപയോഗിക്കാവുന്നതാണ്.






## അക്ഷരമാല

അക്ഷരമാല എന്ന ഐക്കണിൽ ക്ലിക്ക് ചെയ്താൽ ഒരു അനിമേഷൻ സ്ക്രീനിൽ എത്തുന്നതാണ്.

അനിമേഷൻ രംഗങ്ങൾ കഴിഞ്ഞാൽ സ്വരാക്ഷരാണി, വ്യഞ്ജനാക്ഷരാണി, സ്വരയുക്തവ്യഞ്ജനാക്ഷരാണി, സംയുക്താക്ഷരാണി എന്നീ നാല് ഐക്കണുകളുള്ള സ്ക്രീനിൽ എത്തുന്നതാണ്.

ഓരോ ഐക്കണിൽ ക്ലിക്ക് ചെയ്താൽ അതുമായി ബന്ധപ്പെട്ട പേജുകളിൽ എത്താവുന്നതാണ്.






## അക്ഷരമാല-സ്വരാക്ഷരാണി

സ്വരാക്ഷരങ്ങളെ മൊത്തമായി ഇവിടെ പരിചയപ്പെടുത്തുന്നു. അക്ഷരങ്ങളുടെ ഉച്ചാരണവും അവ ഉപയോഗിച്ചുള്ള വാക്കുകളും എഴുത്തായും ശബ്ദമായും ഇവിടെ കാണുകയും കേൾക്കുകയും ചെയ്യാം.

സ്പീക്കർ ഐക്കണിൽ ക്ലിക്ക് ചെയ്താൽ അക്ഷരങ്ങളുടെയും വാക്കുകളുടെയും ഉച്ചാരണം കേൾക്കാൻ സാധിക്കുന്നതുമാണ്. PLAY ബട്ടണിൽ ക്ലിക്ക് ചെയ്താൽ എങ്ങനെയാണ് അക്ഷരങ്ങൾ എഴുതേണ്ടത് എന്നത് അനിമേഷൻ ആയി കാണാവുന്നതാണ്. ചോക്കിന്റെ ഐക്കണിൽ ക്ലിക്ക് ചെയ്താൽ അക്ഷരങ്ങൾ എഴുതി പരിശീലിക്കാനുള്ള സൗകര്യവും ഈ പേജിൽ ഉണ്ട്.




## അക്ഷരമാല-വ്യഞ്ജനാക്ഷരാണി

സ്വരാക്ഷരങ്ങളുടെ പേജ് പോലെയുള്ള ഒരു പേജ് തന്നെയാണ് "വ്യഞ്ജനാക്ഷരാണി" എന്നതിലും വരുന്നത്.

അക്ഷരങ്ങളുടെ എഴുത്ത്, ഉച്ചാരണം, അക്ഷരങ്ങൾ എഴുതുന്നത്, ഈ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകൾ എന്നിവ ഇവിടെ പരിചയപ്പെടാം.

അക്ഷരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന ക്രമത്തിലോ അല്ലാതെയോ തിരഞ്ഞെടുക്കാവുന്നതാണ്.




## അക്ഷരമാല-സ്വരയുക്തവ്യഞ്ജനാക്ഷരാണി

സ്വരാക്ഷരങ്ങളെ മഞ്ഞനിറത്തിലും വ്യഞ്ജനാക്ഷരങ്ങളെ വെള്ളനിറത്തിലും കാണിച്ചിരിക്കുന്നു.

ഹോംപേജിലേക്കോ തൊട്ടുമുന്നിലെ പേജിലേക്കോ പോകുവാനായി പേജിന്റെ താഴെയായി വലതുഭാഗത്ത് HOME ഐക്കണും PREVIOUS ഐക്കണും നൽകിയിട്ടുണ്ട്.






## അക്ഷരമാല-സംയുക്താക്ഷരാണി

PLAY ബട്ടണിൽ ക്ലിക്ക് ചെയ്താൽ എങ്ങനെയാണ് അക്ഷരങ്ങൾ എഴുതേണ്ടത് എന്നത് അനിമേഷൻ ആയി കാണാവുന്നതാണ് .
ചോക്കിന്റെ ഐക്കണിൽ ക്ലിക്ക് ചെയ്താൽ കറുത്ത ബോർഡിൽ അക്ഷരങ്ങൾ എഴുതി പരിശീലിക്കാവുന്നതാണ്.
മലയാളം അക്ഷരങ്ങൾ കാണാൻ മലയാളം എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
സ്പീക്കർ ഐക്കണിൽ ക്ലിക്ക് ചെയ്താൽ അക്ഷരങ്ങളുടെയും വാക്കുകളുടെയും ഉച്ചാരണം കേൾക്കാൻ സാധിക്കുന്നതാണ്.
ഹോംപേജിലേക്കോ തൊട്ടുമുന്നിലെ പേജിലേക്കോ പോകുവാനായി പേജിന്റെ താഴെയായി വലതുഭാഗത്ത് HOME ഐക്കണും PREVIOUS ഐക്കണും നൽകിയിട്ടുണ്ട്.




## വിഭക്തയ:

ഈ പേജിൽ പ്രഥമാ, ദ്വിതീയാ, തൃതീയാ, ചതുർഥീ, പഞ്ചമീ, ഷഷ്ഠീ, സപ്തമീ എന്നീ 7 വിഭക്തികൾ ബലൂണിൽ കാണാവുന്നതാണ്.

ഓരോ ബലൂണിന്റെ അടുത്തേക്കും മൗസ് പോയിന്റർ കൊണ്ടുവരുമ്പോൾ വെള്ളനിറത്തിൽ ബലൂണിനുചുറ്റും ഒരു ശോഭ കാണാൻ സാധിക്കുന്നതാണ്.

വിഭക്തികൾ തിരഞ്ഞെടുക്കുന്നതിനായി അതാതു ബലൂണിൽ ക്ലിക്ക് ചെയ്യുക.









ഓരോ വിഭക്തിയും തിരഞ്ഞെടുക്കുമ്പോൾ പേജിലേക്ക് ഒരു അനിമേഷൻ കാരക്കർ വരുന്നു.
അവ ഓരോ വിഭക്തിയുടെയും പ്രത്യേകത വിവരിക്കുന്നു.
താഴെയുള്ള NEXT ഐക്കൺ ഉപയോഗിച്ച് പേജിനു മുന്നിലേക്ക് പോകുവാൻ സാധിക്കുന്നതാണ്.
പുതിയതായി തെളിഞ്ഞുവരുന്ന സ്ക്രീനിൽ ഉദാഹരണാനി, പ്രയോഗപരിചയ:, ക്രീഡാ, അധികവിസ്തര: എന്നീ നാല് ഐക്കണുകൾ ആണ് ഉള്ളത്.
മൗസ് ഉപയോഗിച്ച് അവയിൽ ഏതെങ്കിലും ക്ലിക്ക് ചെയ്യുക.




## വിഭക്തയഃ -ഉദാഹരണാനി

ഉദാഹരണാനി എന്ന പേജിൽ പുല്ലിംഗത്തിൽ നാല് ടാബുകളും സ്ത്രീലിംഗത്തിൽ നാല് ടാബുകളും നപുംസകലിംഗത്തിൽ ഒരു ടാബും കാണാവുന്നതാണ്.

അകാരാന്തം, ഇകാരാന്തം, ഉകാരാന്തം, ഋകാരാന്തം എന്നിവ പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും ഉള്ള ടാബുകൾ ആണ്. നപുംസകലിംഗത്തിൽ അകാരാന്തം ടാബ് മാത്രമാണ് ഉള്ളത്.

മൗസ് ഉപയോഗിച്ച് ഓരോ ടാബിലും ക്ലിക്ക് ചെയ്യുമ്പോൾ പുതിയ പേജ് തെളിഞ്ഞുവരുന്നു.




പുതിയ പേജിൽ ഓരോ വിഭക്തിയുടേയും ഓരോ ലിംഗത്തിലെയും ഉദാഹരണങ്ങൾ കാണാൻ സാധിക്കുന്നു
ഉദാഹരണങ്ങളുടെ വിഭക്തികളിലെ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിവയുടെ രൂപങ്ങളും സംബോധനപ്രഥമവിഭക്തിയിലെ ഉദാഹരണവും കാണാം.
പേജിനുമുകളിലെ ARROW BUTTON ഉപയോഗിച്ച് വാക്കുകൾ മാറ്റാവുന്നതാണ്.








## വിഭക്തയ: -പ്രയോഗപരിചയ:

പ്രയോഗപരിചയപേജിൽ വിഭക്തികളുടെ പ്രയോഗങ്ങൾ പരിചയപ്പെടുത്തുന്നു.

10 പ്രയോഗങ്ങളാണ് ഓരോ വിഭക്തിയിലും ഉള്ളത്.

വചനങ്ങളോടൊപ്പം അവയുടെ മലയാളം പരിഭാഷയും ഉച്ചാരണവും ലഭ്യമാണ്.

വചനങ്ങൾക്കായി 1 മുതൽ 10 വരെയുള്ള ബട്ടണുകളിൽ ക്ലിക്ക് ചെയ്താൽ മതിയാവും.

ഹോം പേജിലേക്ക് പോകുവാൻ ഹോം ബട്ടൺ അമർത്തുക.




## വിഭക്തയ:-ക്രീഡാ

അനിമേഷൻ കാരക്ടറുകൾ സഹായിക്കുന്നതാണ് ഓരോ ഗെയിമും.
ഓരോ ചോദ്യത്തിനും മൂന്ന് ഓപ്ഷനുകൾ നൽകിയിട്ടുണ്ട്.
അവയിൽനിന്ന് ശരിയുത്തരം തിരഞ്ഞെടുത്ത് അവരെ സഹായിക്കുക.
ബോർഡിൽ കാണുന്ന ഉത്തരങ്ങളിൽ ശരിയുത്തരത്തിൽ ക്ലിക്ക് ചെയ്യുക.
ഉത്തരം ശരിയാണെങ്കിൽ ചിരിക്കുന്ന ഇമോജിയും ഉത്തരം തെറ്റാണെങ്കിൽ കരയുന്ന ഇമോജിയും കാണാൻ സാധിക്കും.
ആകെ 15 അവസരങ്ങൾ ആണ് ഉള്ളത്. അതിൽ 10 ഉത്തരങ്ങൾ ശരിയായാലാണ് ജയം.
10 ഉത്തരങ്ങൾ ശരിയായാൽ "അഭിനന്ദനാനി" എന്ന് പേജിൽ തെളിഞ്ഞു വരും.
ഉത്തരങ്ങൾ ശരിയായില്ലെങ്കിൽ "പുനരപി യതതാം" എന്ന് പേജിൽ കാണിക്കുകയും വീണ്ടും അവസരം ലഭിക്കുകയും ചെയ്യുന്നു.






## വിഭക്തയഃ-അധികവിസ്തരഃ

വിഭക്തികളെപ്പറ്റിയുള്ള കൂടുതൽ കാര്യങ്ങൾ ഈ പേജിൽ കാണാം. അവ മലയാളം പരിഭാഷയിലും സംസ്കൃതത്തിലും ലഭ്യമാണ്. പരിഭാഷകൾക്കായി പേജിനുതാഴെയുള്ള അക്ഷരങ്ങളുടെ ചിഹ്നമുള്ള ബട്ടണുകളിൽ അമർത്തുക.
പേജിലെ PLAY ബട്ടണിൽ ക്ലിക്ക് ചെയ്താൽ വീഡിയോ PLAY / PAUSE ചെയ്യാൻ പറ്റുന്നതാണ്. വീഡിയോയുടെ ശബ്ദം ക്രമീകരിക്കാൻ വലതുഭാഗത്തായി SPEAKER ന്റെ ചിഹ്നമുള്ള ബട്ടൺ ക്രമീകരിച്ചിട്ടുണ്ട്. ഹോംബട്ടൺ ഉപയോഗിച്ച് വിഭക്തിയുടെ ഹോംപേജിലേക്ക് പോകാവുന്നതാണ്.

## ക്രീഡാ




8 ഗെയിമുകൾ ആണ് ഈ പേജിൽ ഉള്ളത്. ഗെയിമുകൾ തിരഞ്ഞെടുക്കുന്നതിനായി കാരക്ടറുകളുടെ ചിത്രമുള്ള ബട്ടണുകൾ ക്ലിക്ക് ചെയ്യുക. അനിമേഷൻ കാരക്ടറുകൾ സഹായിക്കുന്നതാണ് ഓരോ ഗെയിമും. ഓരോ ചോദ്യത്തിനും മൂന്ന് ഓപ്ഷനുകൾ നൽകിയിട്ടുണ്ട്. അവയിൽ നിന്ന് ശരിയുത്തരം തിരഞ്ഞെടുത്ത് അവരെ സഹായിക്കുക.


ബോർഡിൽ കാണുന്ന ഉത്തരങ്ങളിൽ ശരിയുത്തരത്തിൽ ക്ലിക്ക് ചെയ്യുക. ഉത്തരം ശരിയാണെങ്കിൽ ചിരിക്കുന്ന ഇമോജിയും ഉത്തരം തെറ്റാണെങ്കിൽ കരയുന്ന ഇമോജിയും കാണാൻ സാധിക്കും.

ആകെ 15 അവസരങ്ങൾ ആണ് ഉള്ളത്. അതിൽ 10 ഉത്തരങ്ങൾ ശരിയായാലാണ് ജയം.

10 ഉത്തരങ്ങൾ ശരിയായാൽ "അഭിനന്ദനാനി" എന്ന് പേജിൽ തെളിഞ്ഞു വരും.

ഉത്തരങ്ങൾ ശരിയായില്ലെങ്കിൽ "പുനരപി യതതാം" എന്ന് പേജിൽ കാണിക്കുകയും വീണ്ടും അവസരം ലഭിക്കുകയും ചെയ്യുന്നു.






## ക്രീഡാ-പാരിവാരികം

ഇവിടെ ഉറുമ്പുകളുടെ കുടുംബത്തെ കാണിച്ചിട്ടുണ്ട്.
അവർ തമ്മിലുള്ള ബന്ധവും പേരും നൽകിയിട്ടുണ്ട്.
മുകളിൽ കാണിക്കുന്ന ചോദ്യത്തിന് ശരിയുത്തരമായ ഉറുമ്പിനെ ക്ലിക്ക് ചെയ്യുക.
ഉത്തരം ശരിയാണെങ്കിൽ വ്യക്തതയുള്ള ചിത്രവും തെറ്റാണെങ്കിൽ വ്യക്തതയില്ലാത്ത ചിത്രവും ലഭിക്കുന്നു.




## ക്രീഡാ-ഗജഃ ബാലികാ ച.

ക്രീഡ ആരംഭിക്കുന്നതിനായി സാഹ്യം കുരു എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
ഈ കളിയിൽ ആറ് തലങ്ങളാണുള്ളത്.
ഓരോ തലത്തിലും അഞ്ച് ഉത്തരങ്ങൾ ശരിയാക്കണം. അതിന് 10 അവസരങ്ങളുമുണ്ട്.
കീബോർഡിലെ റൈറ്റ് ആരോ കീ അമർത്തി ഇതിലെ പെൺകുട്ടിയെ നിയന്ത്രിക്കാം.
കളി ആരംഭിച്ചാൽ കാണുന്ന കുറുക്കന് സമീപമുള്ള ബോർഡിലെ മൂന്ന് ഓപ്ഷനുകളിൽ നിന്ന് ശരിയുത്തരം ക്ലിക്ക് ചെയ്യുക.
QUESTION MARK ൽ ക്ലിക്ക് ചെയ്താൽ സഹായം ലഭിക്കുന്നതാണ്.






# സുഭാഷിതാനി

എല്ലാ വിഭക്തികളിലേയും സുഭാഷിതങ്ങൾ ആനിമേറ്റഡ് വീഡിയോയുടെ കൂടെ കേൾക്കാനും വായിക്കാനും ഇവിടെ സാധ്യമാണ്.
പേജിന്റെ മുകൾഭാഗത്തുള്ള വിഭക്തികളിൽ ക്ലിക്ക് ചെയ്യുമ്പോൾ അതാത് വിഭക്തിയിലെ സുഭാഷിതങ്ങൾ വീഡിയോയുടെ കൂടെ കേൾക്കാനും വായിക്കാനും സാധ്യമാണ്.
പേജിനുതാഴെയുള്ള സംഖ്യയിൽ ക്ലിക്ക് ചെയ്താൽ ഓരോ വിഭക്തിയിലേയും വ്യത്യസ്തസുഭാഷിതങ്ങൾ കേൾക്കാൻ പറ്റും.
ഹോംബട്ടൺ ഉപയോഗിച്ച് ഹോം പേജിലേക്ക് പോകാവുന്നതാണ്.






## പ്രശ്നോത്തരി

ക്രീഡ ആരംഭിക്കുന്നതിനായി സാഹ്യം കുരു എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

ഈ കളിയിൽ ആറ് തലങ്ങളാണുള്ളത്.

ഓരോ തലത്തിലും 5 ഉത്തരങ്ങൾ ശരിയാക്കണം, അതിന് പത്ത് അവസരങ്ങളുമുണ്ട്.

കീബോർഡിലെ റൈറ്റ് ആരോ കീ അമർത്തി ഇതിലെ പെൺകുട്ടിയെ നിയന്ത്രിക്കാം. കളി ആരംഭിച്ചാൽ കാണുന്ന കുറുക്കന് സമീപമുള്ള ബോർഡിലെ മൂന്ന് ഓപ്ഷനുകളിൽ നിന്ന് ശരിയുത്തരം ക്ലിക്ക് ചെയ്യുക. സഹായം ലഭിക്കുന്നതാണ്.







## അനുബന്ധം

ഇതിൽ മൂന്ന് ടാബുകളാണ് ഉള്ളത്.
വിഭക്തികൾ, വിഭക്തയ:, സുഭാഷിതാനി എന്നിവ.
ഓരോ ബട്ടണിലും ക്ലിക്ക് ചെയ്താൽ പുതിയ ഓരോ പേജിലേക്ക് പോകുവാനും അവിടെ വ്യത്യസ്ത വിഭക്തികൾ ഉള്ള ടാബുകൾ കാണാൻ സാധിക്കുന്നതുമാണ്.
ഇതിലെ കണ്ണിന്റെ ചിഹ്നമുള്ള ബട്ടണിൽ ക്ലിക്ക് ചെയ്താൽ അതുമായി ബന്ധപ്പെട്ട PDF ലഭിക്കുന്നതാണ്.
ഇവിടെ മലയാളത്തിലും സംസ്കൃതത്തിലുമുള്ള കൂടുതൽ അനുബന്ധങ്ങൾ ലഭിക്കുന്നതാണ്.
ഹോം ബട്ടൺ ഉപയോഗിച്ച് ഹോം പേജിലേക്ക് പോകാവുന്നതാണ്.






## 2020

**State Council of Educational Research and Training (SCERT) Kerala**

Vidya bhavan, Poojappura, Thiruvananthapuram, Kerala 695 012
Website : www.scert.kerala.gov.in
e-mail : scertkerala@gmail.com